റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്
(ഒരു കേരള സർക്കാർ സംരംഭം)
രണ്ടാം നില, പ്രീതി ബിൽഡിംഗ്, എം.വി. റോഡ്, പാലാരിവട്ടം, കൊച്ചി – 682 025
ഫോൺ: (484)2338205, 2338206, ഫാക്സ്: 2533294 വെബ്സൈറ്റ്: www.rbdck.com
E-mail:- rbdckltd@gmail.com

## ലേല-ദർഘാസ് പരസ്യം

NO:RBDCK/T 29/02/2018

കാസർഗോഡ് ജില്ലയിൽ നിർദ്ദിഷ്ട് കാഞ്ഞങ്ങാട് റെയിൽവെ മേൽപ്പാല നിർമ്മാണസ്ഥലത്തു നിൽക്കുന്ന കെട്ടിടങ്ങൾ പൊളിച്ചു നീക്കം ചെയ്യുന്നതിന് വേണ്ടി 2 കവറുകളിൽ [(i) പൂരിപ്പിച്ച ബിഡ് ഫോം, നിരതദ്രവ്യം, തിരിച്ചറിയൽ രേഖ എന്നിവ അടക്കം ചെയ്ത ദർഘാസ് കവർ (ii) പ്രൈസ് ബിഡ് അടക്കം ചെയ്ത ദർഘാസ് കവർ] മാനേജിംഗ് ഡയറക്ടർ, ആർ.ബി.ഡി.സി.കെ-യ്ക്കുവേണ്ടി ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

| | | |
|---|---|---|
| 1. കെട്ടിടങ്ങളുടെ ഉദ്ദേശ വില 14 എണ്ണം | : | 5,47,530/- രൂപ |
| 2. നീക്കം ചെയ്യുന്നതിനുള്ള സമയപരിധി | : | 20 ദിവസം |
| 3. നിരതദ്രവ്യ നിക്ഷേപം | : | 13,700/- രൂപ |
| 4. ദർഘാസ് ഫോറത്തിൻെറ വിൽപ്പന | : | 16.01.2018 മുതൽ 23.01.2018 (സമയം രാവിലെ 10.00 മണി മുതൽ വൈകുന്നേരം 3.00 മണി വരെ) |
| 5. ദർഘാസ് ഫോറത്തിൻെറ വില | : | 1232/- രൂപ (തിരികെ നൽകാത്തത്) |
| 6. ദർഘാസ് ഫോറം സമർപ്പിക്കേണ്ട അവസാന തീയ്യതിയും സമയവും | : | 24.01.2018 (സമയം 3.00 മണി വരെ) |
| 7. ദർഘാസ് ഫോറം സമർപ്പിക്കേണ്ട സ്ഥലം | : | കിറ്റ്കോ ലിമിറ്റഡ്, ഗവൺമെൻറ് മെഡിക്കൽ കോളേജ് സൈറ്റ് ഓഫീസ്, ഉക്കിനടുക്ക, കാസർഗോഡ് |
| 8. സാങ്കേതിക ദർഘാസ് തുറക്കൽ (കവർ 1) | : | 25.01.2018 (സമയം 11.30 മണി) |
| 9. ലേല തീയതിയും സമയവും | : | 25.01.2018 (സമയം 12.00 മണി) |
| 10. പ്രൈസ് ബിഡ് തുറക്കൽ (കവർ 2) | : | ലേലം കഴിഞ്ഞ ഉടനെ |

ബിഡ്ഡിൽ പങ്കെടുക്കുന്നവർക്ക് ദർഘാസ് മാത്രമായോ ലേലം മാത്രമായോ അല്ലെങ്കിൽ രണ്ടും കൂടിയോ അവരവരുടെ ഇഷ്ടപ്രകാരം പങ്കെടുക്കാവുന്നതാണ്. **ലേലത്തിൽ മാത്രം പങ്കെടുക്കാനാണെങ്കിലും ദർഘാസ് പ്രമാണത്തോടൊപ്പം ദർഘാസിൻെറ വിലയും (ഡിമാൻറ് ഡ്രാഫ്റ്റായോ പണമായോ) നിരതദ്രവ്യവും ദർഘാസ് ഫോറം സമർപ്പിക്കേണ്ട അവസാന സമയത്തിനു മുൻപ് സമർപ്പിക്കേണ്ടതാണ്.**

കൂടുതൽ വിവരങ്ങൾ ഞങ്ങളുടെ വെബ് സൈറ്റിലും (www.rbdck.com) മേൽപ്പറഞ്ഞ ആർ.ബി.ഡി.സി.കെ ആഫീസിലും ലഭ്യമാണ്.

(Sd/-)
മാനേജിംഗ് ഡയറക്ടർ

തീയതി: 15.01.2018

**റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്**

(ഒരു കേരള സർക്കാർ സംരംഭം)

രണ്ടാം നില, പ്രീതി ബിൽഡിംഗ്, എം.വി. റോഡ്, പാലാരിവട്ടം, കൊച്ചി – 682 025

ഫോൺ: (484)2338205, 2338206, ഫാക്സ്: 2533294 വെബ്സൈറ്റ്: www.rbdck.com

E-mail:- rbdckltd@gmail.com

**ദർഘാസ് സമർപ്പിക്കുന്നവർക്കും ലേലക്കാർക്കുമുള്ള നിർദ്ദേശങ്ങൾ**

ആർ.ബി. ഡി.സി.കെ ലിമിറ്റഡിനുവേണ്ടി കാസർഗോഡ് ജില്ലയിൽ നിർദ്ദിഷ്ട കാഞ്ഞങ്ങാട് റെയിൽവെ മേൽപ്പാല നിർമ്മാണ സ്ഥലത്തു നിൽക്കുന്ന വിവിധ തരം കെട്ടിടങ്ങൾ പൊളിച്ചു നീക്കം ചെയ്യുന്നതിന് വേണ്ടി താഴെപറയുന്ന നിബന്ധനകൾക്ക് വിധേയമായി താൽപര്യമുള്ളവരിൽ നിന്നും 2 കവറുകളിൽ ദർഘാസ് സമർപ്പിക്കുന്നതിനോ ലേലത്തിൽ പങ്കെടുക്കുന്നതിനോ അല്ലെങ്കിൽ രണ്ടിനുമായോ കരാറുകാരെ ക്ഷണിച്ചുകൊള്ളുന്നു.

1. ആർ.ബി.ഡി.സി.കെ ലിമിറ്റഡിൻെറ കൊച്ചി പാലാരിവട്ടത്തുള്ള ആഫീസിൽ നിന്ന് തിരികെ നൽകാത്ത, കൊച്ചിയിൽ മാറാവുന്ന മാനേജിംഗ് ഡയറക്ടർ ആർ.ബി.ഡി.സി.കെ ലിമിറ്റഡിൻെറ പേരിലുള്ള 1232 രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് സഹിതം ആവശ്യപ്പെട്ടാൽ ദർഘാസ് പ്രമാണം ലഭിക്കുന്നതാണ്. ആർ.ബി.ഡി.സി.കെ ലിമിറ്റഡിൻെറ വെബ്സൈറ്റിൽ (www.rbdck.com) നിന്നുകൂടി ദർഘാസ് പ്രമാണം ലഭിക്കുന്നതാണ്.

2. a) വെബ്സൈറ്റിൽ നിന്നും ദർഘാസ് പ്രമാണം എടുക്കുന്നവർ, ദർഘാസ് പ്രമാണം സമർപ്പിക്കുമ്പോൾ കൊച്ചിയിൽ മാറാവുന്ന മാനേജിംഗ് ഡയറക്ടർ ആർ.ബി.ഡി.സി.കെ ലിമിറ്റഡിൻെറ പേരിലുള്ള 1232 രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് കൂടി കവറിൽ ഉൾപ്പെടുത്തേണ്ടതാണ്.

   **b) ദർഘാസ് സമർപ്പിക്കുന്നവരും ദർഘാസിലും ലേലത്തിലും പങ്കെടുക്കുന്നവരും ലേലത്തിൽ മാത്രം പങ്കെടുക്കുന്നവരും കൊച്ചിയിൽ മാറാവുന്ന മാനേജിംഗ് ഡയറക്ടർ ആർ.ബി.ഡി.സി.കെ ലിമിറ്റഡിൻെറ പേരിലുള്ള പതിമൂവായിരത്തി എഴുനൂറ് രൂപയുടെ ഡിമാൻറ് ഡ്രാഫ്റ്റ് നിരതദ്രവ്യമായി സമർപ്പിക്കേണ്ടതാണ്.**

3. ടെൻഡർ കം ഓക്ഷൻ ഫോം (അനെക്ഷർ I), 9–ാം ഖണ്ഡികയിൽ പറഞ്ഞിട്ടുള്ള രേഖകൾ എന്നിവ ടെക് ബിഡ് എന്ന് മുകളിൽ എഴുതിയിട്ടുള്ള പ്രത്യേക കവറിൽ (കവർ I) സമർപ്പിക്കേണ്ടതാണ്. പ്രൈസ് ബിഡ് നിർദ്ദിഷ്ട ഫോറത്തിൽ (അനെക്ഷർ II), രേഖപ്പെടുത്തി പ്രൈസ് ബിഡ് എന്ന് മേലെഴുത്തുള്ള കവറിൽ (കവർ 2) ഇട്ട് മുദ്രവച്ച് സമർപ്പിക്കേണ്ടതാണ്. ഈ രണ്ടു കവറുകളും " Tender - cum - Auction for the sale and demolition of the structures along the alignment of Kanhangad ROB" മേലെഴുത്തുള്ള മൂന്നാമതൊരു കവറിൽ ഇട്ട് സമർപ്പിക്കേണ്ടതാണ്.

4. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ദർഘാസ് പ്രമാണം പൂരിപ്പിച്ച് ഒപ്പിട്ട് 9–ാം ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന എല്ലാ പ്രമാണങ്ങളും, നിരതദ്രവ്യവും സമർപ്പിക്കേണ്ടതാണ്.

5. പൂരിപ്പിച്ച "Tender cum Auction form" 24.01.2018 വൈകുന്നേരം 3.00 മണി വരെ സ്വീകരിക്കുന്നതാണ്. നിർദ്ദിഷ്ട ദിവസത്തിനും സമയത്തിനും ശേഷം ലഭിക്കുന്ന "Tender cum Auction form" അപ്പാടെ തള്ളിക്കളയുന്നതാണ്.

6. നിബന്ധനകൾ പാലിക്കാത്തതും, ബിഡ്ഡേർസ് ഒപ്പിടാത്തതും, ഏതെങ്കിലും രീതിയിൽ പൂർണ്ണമല്ലാത്തതുമായ ദർഘാസുകൾ "Tender cum Auction form" യാതൊരു കാരണവും പറയാതെ അപ്പാടെ തള്ളിക്കളയുന്നതാണ്.

7. "Tender cum Auction form" ഒപ്പിട്ടിരിക്കുന്ന ആൾക്ക് മാത്രമേ ലേലത്തിൽ പങ്കെടുക്കുന്നതിന് അനുവാദം ഉണ്ടായിരിക്കുകയുള്ളൂ. എന്നാൽ ശരിയായ Authorization letter സഹിതം ടിയാന് തൻെറ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്താവുന്നതാണ്. യാതൊരു സാഹചര്യത്തിലും ഒരു ബിഡ്ഡറുടെ/ ലേലക്കാരൻെറ ഒന്നിൽക്കൂടുതൽ ആളുകളെ ലേലത്തിൽ പങ്കെടുക്കാൻ അനുവദിക്കുന്നതല്ല. ലേലം നടക്കുമ്പോൾ മൊബൈൽ ഫോൺ ഉപയോഗിക്കാൻ അനുവദിക്കുന്നതല്ല.

8. ടെൻഡർ കമ്മിറ്റി (RBDCK Limited ലെയും, KITCO Limited ലെയും ലേലം നടത്തുന്ന ഉദ്യോഗസ്ഥർ) ലേലത്തിൻെറ അടിസ്ഥാനത്തുകയും വർദ്ധനാനിരക്കും നിശ്ചയിക്കുന്നതായിരിക്കും. ടെൻഡർ കമ്മിറ്റിയുടെ തീരുമാനം അന്തിമവും പങ്കെടുക്കുന്ന എല്ലാവർക്കും ബാധകവും ആയിരിക്കും.

9. "Tender - cum - Auction for the sale and demolition of the structures along the alignment of Kanhangad ROB"ൽ പങ്കെടുക്കുന്ന ദർഘാസുകാർ താഴെപ്പറയുന്ന രേഖകളുടെ പകർപ്പുകൾ ടെൻഡർ/ആപ്ലിക്കേഷൻെറ കൂടെ സമർപ്പിക്കേണ്ടതാണ്.

   a. ഫോട്ടോ തിരിച്ചറിയൽ കാർഡിൻെറ കോപ്പി
   b. ടെൻഡർ പ്രമാണത്തിൻെറ വില അടച്ചതിൻെറ തെളിവ് ടെൻഡർ പ്രമാണം വെബ്സൈറ്റിൽ നിന്നും എടുത്തിട്ടുള്ളവർ ടെൻഡർ പ്രമാണത്തിൻെറ വില കൊച്ചിയിൽ മാറാവുന്ന ആർ.ബി.ഡി.സി.കെ ലിമിറ്റഡിൻെറ പേരിലുള്ള 1232 രൂപയുടെ ഡിമാൻറ് ഡ്രാഫ്റ്റ് ആയി സമർപ്പിക്കേണ്ടതാണ്

10. <u>നടപടി ക്രമം</u>

അർഹതപ്പെട്ട എല്ലാ ബിഡ്ഡേഴ്സിനേയും ഉൾപ്പെടുത്തി ടെൻഡർ കമ്മിറ്റി ആദ്യമായി ഒരു തുറന്ന ലേലം നടത്തുന്നതായിരിക്കും. അതിനുശേഷം മുദ്ര വച്ച കവറിലുള്ള ടെൻഡറുകൾ തുറക്കുന്നതായിരിക്കും. ഇവ രണ്ടും ഉൾപ്പെടുത്തി ഏറ്റവും ഉയർന്ന തുക വാഗ്ദാനം ചെയ്യുന്ന ആളെയായിരിക്കും വിജയി ആയി കണക്കാക്കുക.

11. നിർദ്ദിഷ്ട മേൽപ്പാല നിർമ്മാണ സ്ഥലത്ത് വച്ച് നിർദ്ദിഷ്ട ദിവസത്തിലും സമയത്തും ലേലം നടത്തുന്നതാണ്. മേൽ തീയ്യതി എതെങ്കിലും വിധത്തിൽ അവധിയായാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ലേലം നടത്തുന്നതാണ്.

12. ലേലം ഉറപ്പിക്കപ്പെടുന്നയാളും തൊട്ടുതാഴെയുള്ളയാളും ഒഴിച്ചുള്ളവരുടെ നിരതദ്രവ്യ നിക്ഷേപം ലേലം ഉറപ്പിച്ച ഉടനെത്തന്നെ മടക്കി നൽകുന്നതാണ്. ഫോട്ടോ ഐഡൻറിറ്റി കാർഡിൻെറ ഒറിജിനൽ നിരതദ്രവ്യ നിക്ഷേപം തിരികെ കിട്ടുന്നതിനായി സമർപ്പിക്കേണ്ടതാണ്.

13. ലേലത്തിൽ വിജയിക്കുന്നയാൾ ദർഘാസ്/ലേലത്തുകയും മേൽത്തുകയുടെ 10% അധികതുകയും ലേല നടപടികൾ പൂർത്തികരിക്കുന്ന ഉടൻ അടച്ച് വിൽപ്പന കരാർ ഒപ്പിടേണ്ടതാണ്. പരമാവധി അടുത്ത പ്രവൃത്തി ദിവസം കാലത്ത് 11.30 മണിക്കുള്ളിൽ മേൽത്തുക അടച്ച് വിൽപ്പന കരാർ ഒപ്പിട്ടിരിയ്ക്കണം. എല്ലാ തുകകളും കൊച്ചിയിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റ് ആയി അടയ്ക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ ലേലം പിടിച്ചയാൾക്ക് യാതൊരുവിധ അവകാശങ്ങളും ഇല്ലാതെ ലേലത്തുക റദ്ദുചെയ്യുന്നതും നിരതദ്രവ്യം കണ്ടുകെട്ടുന്നതും ആർ.ബി.ഡി.സി.കെ.യുടെ ഇഷ്ടാനുസരണം അനന്തരനടപടികൾ സ്വീകരിക്കുന്നതുമാണ്. ആയതിൽ യാതൊരു തർക്കവും ഉന്നയിക്കാവുന്നതല്ല. 10% അധികത്തുക പദ്ധതി സ്ഥലത്തുനിന്നും സമയപരിധിക്കുള്ളിൽ കെട്ടിടങ്ങൾ പൊളിച്ചു നീക്കിയ ശേഷം തിരികെ നൽകുന്നതാണ്. കെട്ടിടങ്ങൾ സമയപരിധിക്കുള്ളിൽ പൊളിച്ചു നീക്കം ചെയ്തില്ലെങ്കിൽ അതിനുശേഷമുള്ള ഓരോ ദിവസത്തിനും മേൽത്തുകയുടെ 10% വച്ച് കുറവ്ചെയ്യുന്നതും അത് പരമാവധി 5 ദിവസം മാത്രമായിരിക്കുകയും ചെയ്യും. മേൽപറഞ്ഞ പരമാവധി ദിവസം ആകുമ്പോൾ ബാക്കി തുക ആർ.ബി.ഡി.സി.കെ. ലിമിറ്റഡ് കണ്ടുകെട്ടുന്നതും മേൽ പ്രവൃത്തി വേറൊരു ഏജൻസിയെക്കൊണ്ട് നടപ്പക്കുന്നതും അതിനാലെ കെട്ടിടങ്ങൾ പൊളിച്ചു നീക്കിയ ആളിന് ഉണ്ടായേക്കാവുന്ന യാതൊരു നഷ്ടങ്ങളും പരിഗണിക്കുന്നതുമല്ല. കെട്ടിടങ്ങൾ പൊളിച്ചു നീക്കിയ ആൾ ഏതെങ്കിലും ഭാഗങ്ങളോ പ്രൊജക്റ്റ് പ്രദേശത്തു നിന്നും നീക്കം ചെയ്യാതിരുന്നാൽ ആർ.ബി.ഡി.സി.കെ. അവ മറ്റൊരു എജൻസി മുഖേന നീക്കം ചെയ്യുന്നതും അതിനു വേണ്ടി വരുന്ന തുക കരാറുകാരൻ നിക്ഷേപിച്ചിരിക്കുന്ന 10% അധിക തുകയിൽ നിന്നും ഈടക്കുന്നതുമായിരിക്കും. ഈ തുക തികയാതെ വരികയാണെങ്കിൽ റവന്യൂ റിക്കവറി നടപടികളിലൂടെ പ്രസ്തുത തുക വസൂലാക്കുന്നതുമാണ്. കരാർ ഉറപ്പിച്ചു 20 ദിവസത്തിനകം മേൽപ്പടി കെട്ടിടങ്ങൾ പ്രൊജക്റ്റ് പ്രദേശത്തുനിന്നും പൂർണ്ണമായും നീക്കം ചെയ്യേണ്ടതാണ്.

14. പൂർണ്ണമായ അടങ്കൽത്തുകയും 10% അധികത്തുകയും അടച്ച് ആർ.ബി.ഡി.സി.കെ. മാനേജിംഗ് ഡയറക്ടർ ലേലം ഉറപ്പിച്ച് അറിയിപ്പു നൽകുന്നതോടെ മേൽ കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം ബിഡ്ഡറിൽ നിക്ഷിപ്തമാകുന്നതും അപ്പോൾ മുതൽ മേൽ കെട്ടിടങ്ങളുടെ സംരക്ഷണ ചുമതലയും, അഗ്നിബാധ അല്ലെങ്കിൽ മറ്റേതെങ്കിലും അപ്രതീക്ഷിത ദുരന്തങ്ങൾ ഉണ്ടായാലും ആർ.ബി.ഡി.സി.കെ. അതിൻമേൽ യാതൊരുവിധ ഉത്തരവാദിത്ത്വങ്ങളും എടുക്കുന്നതല്ല. ബിഡ്ഡർ മേൽത്തുകയിൽ യാതൊരുവിധ അവകാശങ്ങളും ഉന്നയിക്കാൻ പാടില്ലാത്തതുമാകുന്നു.

15. നിർദ്ദിഷ്ട ദിവസത്തിനും സമയത്തിനും മുമ്പായി ദർഘാസ് തുക പൂർണ്ണമായി അടച്ചില്ലെങ്കിൽ നിരതദ്രവ്യം തിരിച്ചു നൽകുന്നതല്ല. പിടിച്ചെടുക്കുന്ന തുകയിൻമേൽ ലേലം പിടിച്ചയാൾക്ക് അവകാശം ഉണ്ടായിരിക്കുന്നതല്ല.

16. കാരണമൊന്നും കാണിയ്ക്കാതെ ബിഡ്ഡുകൾ ഏതെങ്കിലുമോ എല്ലാം തന്നെയോ തള്ളിക്കളയുന്നതിന് ആർ.ബി.ഡി.സി.കെ. മാനേജിംഗ് ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

17. എന്തെങ്കിലും തർക്കങ്ങൾ ഉണ്ടാവുകയാണെങ്കിൽ ടെൻഡർ കമ്മിറ്റിയുടേയും ആർ.ബി.ഡി.സി.കെ. മാനേജിംഗ് ഡയറക്ടറുടേയും തീരുമാനം അന്തിമമായിരിക്കുന്നതും അത് അനുസരിക്കുന്നതിന് ബിഡ്ഡർ ബാധ്യസ്ഥനായിരിക്കും.

18. **മേൽപ്പറഞ്ഞ നിബന്ധനകൾ അനുസരിക്കുന്നതിന് ബിഡ്ഡർക്ക് ബാധ്യത ഉണ്ടായിരിക്കുന്നതും അതിനുള്ള സമ്മതം എന്ന നിലയിൽ ബിഡ്ഡർ ഈ ടെണ്ടർ ഫോമിന്റെ എല്ലാ പേജുകളിലും ഒപ്പിടേണ്ടതുമായിരിക്കും.**

19. കരാർ ഉറപ്പിച്ച് 20 ദിവസത്തിനകം മേൽ കെട്ടിടങ്ങൾ ആർ.ബി.ഡി.സി.കെ. ലിമിറ്റഡിനോ പരിസരവാസികളുടെ വസ്തുവകകൾക്കോ യാതൊരുവിധ നാശനഷ്ടങ്ങളും ഉണ്ടാക്കാതെ നീക്കം ചെയ്യേണ്ടതാണ്. കെട്ടിടങ്ങൾ പൊളിച്ചു നീക്കം ചെയ്യുന്നതിനായി വൈദ്യുതി ലൈൻ അല്ലെങ്കിൽ മറ്റേതെങ്കിലും സർവീസ് ലൈനുകൾ സ്വിച്ച് ഓഫ് ചെയ്യുകയോ നീക്കം ചെയ്യുകയോ വേണ്ടിവന്നാൽ അത് ബിഡ്ഡറുടെ ചെലവിലും ഉത്തരവാദിത്വത്തിലും ചെയ്യേണ്ടതാണ്. ഏതെങ്കിലും നാശനഷ്ടങ്ങളോ കേടുപാട് തീർക്കലോ മേൽപ്രവൃത്തിമൂലം ആവശ്യമായി വന്നാൽ അതിനുള്ള ചെലവ് ബിഡ്ഡർ വഹിക്കേണ്ടതായിരിക്കും.

20. പൊളിച്ചു മാറ്റുന്നതിനായി അടയാളപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾ മാത്രമേ നീക്കം ചെയ്യാവു. കെട്ടിടങ്ങളുടെ പൂർണ്ണവിവരം പ്രൈസ് ബിഡ്ഡിൽ (അനുബന്ധം 2-ൽ) കൊടുത്തിട്ടുണ്ട്.

21. ലേല ദർഘാസുമായി ബന്ധപെട്ട കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10.00 മുതൽ വൈകീട്ട് 4.00 മണിവരെ ആർ.ബി.ഡി.സി.കെ മാനേജറുമായോ (ഫോൺ:9446088779) അല്ലെങ്കിൽ കിറ്റ്കോ ലിമിറ്റഡിന്റെ ചുമതലപെട്ട എഞ്ചിനിയറെയോ (ഫോൺ:9895210254) ബന്ധപ്പെടാവുന്നതാണ്.

(ഒപ്പ്)

(പേര്, മേൽ വിലാസം, ടെലഫോൺ നമ്പർ ഉൾപ്പെടെ)

സ്ഥലം :

തീയതി :

**(അനുബന്ധം I)**

**ലേല/ദർഘാസ് പ്രമാണം**

മുകളിൽ പറഞ്ഞിരിക്കുന്ന ചട്ടങ്ങളും നിബന്ധനകളും ഞാൻ പൂർണ്ണമായി മനസ്സിലാക്കുകയും അതനുസരിച്ച് അനുബന്ധം 2-ൽ പറഞ്ഞിരിക്കുന്ന കെട്ടിടങ്ങൾ പൊളിച്ചു നീക്കം ചെയ്യുന്നതിന് ഞാൻ സമ്മതിച്ചിരിയ്ക്കുന്നു. മേൽ പ്രവൃത്തിക്കുവേണ്ടി താങ്കൾ ............................തീയ്യതിയിൽ നടത്തുന്ന ലേല/ദർഘാസിൽ പങ്കെടുക്കുന്നതിന് എനിക്ക് താൽപര്യമുണ്ട്. കൊച്ചിയിൽ മാറാവുന്ന മാനേജിംഗ് ഡയറക്ടർ, ആർ.ബി.ഡി.സി.കെ ലിമിറ്റഡ് എന്ന പേരിൽ എടുത്തിട്ടുള്ള 13,700/- (പതിമൂവായിരത്തി എഴുനൂറുരൂപയുടെ മാത്രം) ഡിമാൻറ് ഡ്രാഫ്റ്റ് നമ്പർ..................................................തീയ്യതി.............................അടക്കം ചെയ്തിരിക്കുന്നു. താങ്കൾ നിർദ്ദേശിച്ചിട്ടുള്ള നിബന്ധനകളും നിയമങ്ങളും ലേലത്തിൽ പങ്കെടുക്കുമ്പോൾ ഞാൻ പാലിക്കുന്നതായിരിക്കും.

കുറിപ്പ്: ഫോട്ടോ ഐഡൻറിറ്റി കാർഡിൻെറ കോപ്പി, ടെൻഡർ ഡോക്യുമെൻറിൻെറ തുകയടച്ച തെളിവുകളും അടക്കം ചെയ്തിട്ടുണ്ട്.

വിശ്വസ്തതയോടെ

(ഒപ്പ്)

(പൂർണ്ണപേരും വിലാസവും ടെലഫോൺ നമ്പർ ഉൾപ്പെടെ)

സ്ഥലം:

തീയ്യതി:

(അനുബന്ധം – II)

**റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്**

(ഒരു കേരള സർക്കാർ സംരംഭം)
രണ്ടാം നില, പ്രീതി ബിൽഡിംഗ്, എം.വി. റോഡ്, പാലാരിവട്ടം, കൊച്ചി – 682 025
ഫോൺ: (484)2338205, 2338206, ഫാക്സ്: 2533294 വെബ്സൈറ്റ്: www.rbdck.com
E-mail:- rbdckltd@gmail.com

**പ്രൈസ് ബിഡ് –**

| ക്രമ.നം | സ്ഥലം/കെട്ടിട ഉടമസ്ഥൻെറ പേര് | കെട്ടിടങ്ങളുടെ വിവരങ്ങൾ |
|---|---|---|
| 1 | അബ്ദുൾ റഹിമാൻ ഹാജി | കെട്ടിടം |
| 2 | അഡ്വ. ജോസ് | ചുറ്റുമതിൽ, ഷെഡ് |
| 3 | അമ്മിണി | കെട്ടിടം |
| 4 | അസൈനാർ | കെട്ടിടം ചുറ്റുമതിൽ, ഷെഡ്(2 എണ്ണം) |
| 5 | ഡോ. വിജയരാഘവൻ | ചുറ്റുമതിലും കുളിമുറി |
| 6 | ഹൈഫ ഷമ്മിമ്മ | കെട്ടിടം |
| 7 | കല്ലതറ ഇബ്രാഹിം | കിണർ |
| 8 | മുഹമ്മദ് കുഞ്ഞ് | ചുറ്റുമതിൽ |
| 9 | എൻ.എ അബ്ദുൾ കലാം | കെട്ടിടം |
| 10 | എൻ.എം അഹമ്മദ് | കെട്ടിടം |
| 11 | മുസ്ലീം യത്തീം ഖാന | ചുറ്റുമതിൽ |
| 12 | പ്രസിഡൻറ് ഉമ്മർ പള്ളി | കെട്ടിടം |
| 13 | ഷെഷി | ചുറ്റുമതിൽ, കക്കൂസ് |
| 14 | സുലൈമാൻ | ചുറ്റുമതിൽ |
| | **നിശ്ചയിച്ച മൊത്തം തുക** | |

(ഒപ്പ്)
(പൂർണ്ണപേരും വിലാസവും ടെലഫോൺ നമ്പർ ഉൾപ്പെടെ)

സ്ഥലം:
തീയ്യതി: